## പതിമൂന്നാം കേരളനിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1843 — 25.03.2013 ന് മറുപടിയ്ക്ക്.

### വന്യജീവികളിൽ നിന്ന് കർഷകർക്കും കാർഷിക വിളകൾക്കും സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ<br>ശ്രീ.ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ.എ. റ്റി. ജോർജ്<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കർഷകരെയും കാർഷിക വിളകളെയും വന്യജീവികളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. താഴെ പറയുന്ന പദ്ധതികളാണ് ഇതിലേക്കായി രൂപം നൽകി നടപ്പിലാക്കി വരുന്നത്.<br>1. ആന പ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>2. സൗരോർജ്ജ-വൈദ്യുത കമ്പിവേലികളുടെ നിർമ്മാണം.<br>3. കയ്യാലകളുടെ നിർമ്മാണം.<br>4. ആനകളുടെ സഞ്ചാരപഥം പുന:സ്ഥാപിക്കുന്നതിന് ആനത്താരാ പദ്ധതിയിൻ കീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ പുനസ്ഥാപിക്കുന്ന പ്രവർത്തനം.<br>5. വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ സെറ്റിൽമെന്റുകളിൽ താമസിക്കുന്നവരിൽ വനത്തിനു പുറത്തേക്ക് മാറി താമസിക്കാൻ സന്നദ്ധരായവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി.<br>6. കാടിറങ്ങി സ്ഥിരമായി കൃഷിനാശം ഉണ്ടാക്കുന്ന ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരം നിരീക്ഷിക്കുക.<br>7. വനാതിർത്തിയിൽ ജൈവവേലി നിർമ്മിക്കുന്നതിനും വന്യജീവികൾക്ക് ഭക്ഷണവും ജലലഭ്യതയും ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ നടപടികൾ.<br>8. കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് ഓടിക്കുവാൻ എട്ട് റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ രൂപീകരണം.<br>9. വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വ്യവസ്ഥകൾക്ക് വിധേയമായി വെടിവെച്ച് കൊല്ലുന്നതിനുള്ള അനുമതി നൽകുവാനുള്ള നടപടി. |

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പരിപാടികൾ നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) കേന്ദ്രാവിഷ്കൃതപദ്ധതി വിഹിതവും സംസ്ഥാന ബഡ്ജറ്റ് വിഹിതവും നബാർഡ് വായ്പയും വിനിയോഗിച്ചാണ് പ്രസ്തുത പരിപാടികൾ നടപ്പിലാക്കി വരുന്നത്.

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) സംസ്ഥാന ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചും, എല്ലാ വർഷവും കേന്ദ്രാവിഷ്കൃതപദ്ധതികളിലൂടെ ഫണ്ട് ലഭ്യമാക്കുന്നതിനായി ആന്വൽ പ്ലാൻ ഓഫ് ഓപ്പറേഷൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചും ആവശ്യമായ തുക കണ്ടെത്തിയാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

(ഡി) ഇതുമൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

(ഡി) വന്യജീവികളുടെ ആക്രമണം മൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക്; 1980-ലെ "കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് "എന്ന ചട്ടപ്രകാരം നഷ്ടപരിഹാരം വനം വകുപ്പിൽ നിന്നും നൽകി വരുന്നുണ്ട്. ഈ ചട്ടപ്രകാരം വന്യജീവികളുടെ ആക്രമണം മൂലം കർഷകർക്കുണ്ടാകുന്ന കൃഷിനാശം, വീട്ടുനഷ്ടം, കന്നുകാലി നഷ്ടം എന്നിവയ്ക്ക് നാശനഷ്ടത്തിന്റെ 100% (പരമാവധി 75,000/- രൂപ വരെ) വനംവകുപ്പിൽ നിന്നും നൽകുവാൻ നിലവിലുള്ള നിരക്കുകളിൽ ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 3 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്കും, സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്കും പരമാവധി 75,000/- രൂപ വരെയും നൽകുവാനും ഇപ്പോൾ വ്യവസ്ഥയുണ്ട്.

സെക്ഷൻ ഓഫീസർ